ശ്രീ. കെ. ടി. അച്യുതൻ : ഉടനെ ചെയ്യുന്നതാണ്.

ശ്രീ. ആർ. സുഗതൻ : തിരുവനന്തപുരം കണ്ണൂക്ക് ഓടുന്ന ഡീലക്സ് ബസ്സിനു 19 രൂപ 70 നയാപൈസയായിരുന്ന ചാർജ്ജ്. ഈ വർദ്ധിച്ച കണക്കനുസരിച്ച് 24 രൂപയാണ്. ഇതു പഴയ നിരക്കിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോഴം നിവത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കോട്ടയത്തു പല ബസ്സുകളും നിറുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ നിറുത്തിയ റൂട്ടുകളിലെല്ലാംതന്നെ വേറെ ബസ്സുകൾ ഓടിക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : എല്ലാ ബസ്സുകളും ഇല്ല. ചില റൂട്ടുകളെ സംബന്ധിച്ചിടത്തോളം നികുതിബാക്കി വന്നപ്പോഴം ആ ബസ്സുകൾ നിറുത്തിയിട്ടുണ്ട്. ടാക്സ് അടച്ചവ വീണ്ടും ഓടിത്തുടങ്ങിയിട്ടുണ്ട്.

ഡീലക്സ് സർവ്വീസ്.

* 87. [13] ശ്രീമതി കുസുമം ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നും കണ്ണൂക്ക് കോട്ടയം മൂവാറ്റുപുഴ കാലടി വഴി ഒരു ഡീലക്സ് സർവ്വീസ് തുടങ്ങുമോ ;

(ബി) തലസ്ഥാനത്തുനിന്നും തൃശ്ശൂർ, കണ്ണൂർ മുതലായ കേന്ദ്രങ്ങളിലേക്ക് കോട്ടയം മൂവാറ്റുപുഴ, പെരുമ്പാവൂർവഴി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളം തുടങ്ങുന്നതിന് ഗവണ്മെന്റ് എന്തെങ്കിലും നടപടികളം സ്വീകരിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തൽക്കാലം സാദ്ധ്യമല്ല.

(ബി) നേരിട്ട് (through) സർവ്വീസ് ഇല്ലെന്നേയുള്ള.

ശ്രീ. കെ. ഹസ്സൻഗനി : മൂവാറ്റുപുഴ—മുനമ്പം ഡീലക്സ് ബസ് തുടങ്ങുന്നതിനു വല്ല നടപടികളും എടുക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കോട്ടയം വഴി ഓടിക്കാൻ സാധിച്ചിട്ടില്ല. അതു കഴിഞ്ഞു മറ്റു സ്ഥലത്തെപ്പറ്റി നോക്കാം.

അണ്ടത്തോട് ഫർക്കയിലുള്ള പണിയർ വിഭാഗം

* 872. [14] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്കിലെ അണ്ടത്തോട് ഫർക്കയിലുള്ള 'പണിയർ' വിഭാഗം ഹരിജനങ്ങളാണോ ;

(ബി) ആണെങ്കിൽ ഈ ജാതിക്കാരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള ചെലവ് ഗ്രാന്റ് ഇക്കൊല്ലം അനുവദിക്കാത്തതെന്തുകൊണ്ട് ;

(സി) ഈ ജാതിക്കാർ ഹരിജനങ്ങളിൽ ഉൾപ്പെട്ടകയില്ലെങ്കിൽ 1961 വരെ ഇവരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള lump-sum ഗ്രാന്റ് കൊടുക്കാനുണ്ടായ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 'പണിയർ' എന്ന ഒരു സമുദായം മലബാർ പ്രദേശത്തില്ല. അവിടെയുള്ള പണിയൻ സമുദായം പട്ടികവർഗ്ഗത്തിൽ പെട്ടവരാണു്.

(ബി) അണ്ടത്തോട് ഫർക്കയിലുള്ള പണിയൻ സമുദായത്തിലെ കുട്ടികൾക്കു് ലംപ്സം ഗ്രാന്റു് കൊടുത്തുവരുന്നുണ്ടു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ : അണ്ടത്തോട് ഫർക്കയിലുള്ള മിക്ക കുട്ടികൾക്കും 62–63-ൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ലംപ്സം ഗ്രാന്റു് കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്നന്വേഷിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അണ്ടത്തോട് ബ്ലാക്കിൽ 3 സ്കൂളുകൾക്കാണു കൊടുക്കുന്നതു്. പതിയൂർ, പയ്യന്നൂർ, പാലപ്പട്ടി ഈ മൂന്നു സ്കൂളുകളിലെ കുട്ടികൾക്കു കൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : 'പണിയർ', 'തച്ചൻ', എന്നൊക്കെ പറയുന്നവർ 'പണിയർ' എന്നുള്ളതു് 'പണിയൻ' എന്നും 'തച്ചർ' എന്നുള്ളതു് 'തച്ചനെ'ന്നും, അതുപോലെതന്നെ കമ്മാളാ എന്നു പറയുന്നതു് തമിഴു് കമ്മാളാ മലയാള കമ്മാളാ എന്നും ഇങ്ങനെ ഓരോ പേരു ലിസ്റ്റിൽ വരുന്നുണ്ടു്. ഇതിന്റെ ഫലമായിട്ടു് കുട്ടികൾക്കു് ബുദ്ധിമുട്ടുവരുന്നു. ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ എടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇങ്ങനെ മലയാള കമ്മാളരെന്നും തമിഴു് കമ്മാളരെന്നും ഒക്കെ വരുന്നുണ്ടു്. ഈ പണിയർ എന്നൊരു സമുദായം ഇല്ലെന്നാണു് മനസ്സിലാക്കുന്നതു്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ പരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഈ തച്ചന്മാർ എന്നു പറയുന്ന വിഭാഗം ചില സ്ഥലങ്ങളിൽ ഷെഡ്യൂൾഡു് കാസ്റ്റായിട്ടു കണക്കാക്കുന്നു. ചില സ്ഥലങ്ങളിൽ കണക്കാക്കുന്നില്ല. ഇങ്ങനെയുള്ള വ്യത്യാസം മാറ്റി ഒരേസമുദായത്തിലുള്ളവരെ ഒരേ കാറ്റഗറിയായി നിശ്ചയിക്കാൻ നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലായിടത്തും ഇങ്ങനെയില്ല. മലബാർ ഭാഗത്തും തിരുവിതാംകൂർ–കൊച്ചി ഭാഗത്തും ഇങ്ങനെ വരുന്ന വ്യത്യാസങ്ങൾ ഏകീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : തിരുവിതാംകൂർ ഭാഗത്തെ തച്ചന്മാരെ മുൻപു് ഷെഡ്യൂൾഡു് കാസ്റ്റിൽ പെടുത്തിയിരുന്നു. ഇപ്പോൾ അതില്ല. അതിനു കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കുഞ്ഞമ്പു : 56-നു മുമ്പു് അവർ ഷെഡ്യൂൾഡു് കാസ്റ്റായിരുന്നില്ല.

ഡീപ്പു് എക്സറെ മെഷീന്റെ ഉപകരണം കൊണ്ടുവരാനുള്ള യാത്ര

* 873. [15] ശ്രീ. എസ്സു്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീപ്പു് എക്സ്റേ മെഷീന്റെ ഒരു ഉപകരണം കൊണ്ടുവരാൻ തിരുവനന്തപുരം മെഡിക്കൽകോളജു് ആശുപത്രിയിലെ ചീഫു് റേഡിയോളജിസ്റ്റു് കഴിഞ്ഞ സെപ്തംബറിൽ സർക്കാർ ചെലവിൽ മദ്രാസിലേക്കു പോയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly